പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 6598

01.11.2011- ൽ മറുപടിക്ക്

## കയർയാൺ ഉൽപന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ കയർ വ്യവസായത്തിന് പ്രതിവർഷം എത്ര ക്വിന്റൽ ചകിരി വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (എ)കേരളത്തിലെ കയർ വ്യവസായത്തിന് പ്രതി വർഷം ഏകദേശം 2.25 ലക്ഷം മെട്രിക് ടൺ ചകിരി വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് |
| (ബി) എങ്കിൽ അതിൽ എത്ര ക്വിന്റൽ ചകിരി കേരളത്തിൽ ഉൽപാദിക്കുന്നുവെന്നും എത്ര ക്വിന്റൽ ചകിരി ഇറക്കുമതി ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) ഏകദേശം 23000 മെട്രിക് ടൺ ചകിരി കേരളത്തിൽ ഉല്പാദിപ്പിക്കുന്നു. ഏകദേശം 2.0 ലക്ഷം മെട്രിക് ടൺ ചകിരി അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്. |
| സി) സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും പ്രതിവർഷം എത്ര ക്വിന്റൽ കയർയാൺ ഉൽപാദിപ്പിക്കുന്നുണ്ട്; | സി) സഹകരണ മേഖലയിൽ ഏകദേശം 91500 ക്വിന്റൽ കയർയാൺ ആണ് പ്രതിവർഷം ഉല്പാദിപ്പിക്കുന്നത്. സ്വകാര്യ മേഖലയിലെ പൂർണ്ണമായ സ്ഥിതി വിവര കണക്ക് ഇല്ലാത്തതിനാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമല്ല. |
| ഡി) 2010 ൽ എത്ര ക്വിന്റൽ കയർ യാൺ ഉൽപന്നങ്ങളാണ് കയറ്റുമതി ചെയ്തതെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം ഉൽപ്പന്നങ്ങൾ ആണ്; ഇവ ഓരോന്നിലും എത്ര ക്വിന്റൽ വീതം കയർയാൺ ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) 2010-11-ൽ ഇന്ത്യയിൽ നിന്ന് 73811.65 ടൺ കയർയാൺ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു. |

| ഉല്പന്നങ്ങൾ | തൂക്കം(ടൺ) | കയർ യാൺ ഉപയോഗം ഏകദേശം (ടൺ) |
|---|---|---|
| കയർ യാൺ | 5021.96 | 5021.96 |
| കൈത്തറി തടുക്ക് | 29409.00 | 32349.90 |
| ടഫ്റ്റഡ് തടുക്ക് | 33349.20 | 16007.62 |
| കൈത്തറി പരവതാനി | 1406.49 | 1547.14 |
| കയർ ഭൂവസ്ത്രം | 3266.63 | 3593.29 |
| കയർ റഗ് ആന്റ് കാർപ്പറ്റ് | 1146.81 | 1261.49 |
| കയർ റോപ്പ് | 211.56 | 211.56 |
| **ആകെ** | **73811.65** | **59992.96** |

സെക്ഷൻ ഓഫീസർ